6. ഡോ. കെ. സി. ജോസഫ്
7. ശ്രീ. എം. കുമാരൻ
8. ,, കെ. വി. കുഞ്ഞിരാമൻ
9. ,, കോവൂർ കുഞ്ഞുമോൻ
10. ,, വി. കെ. സി. മമ്മത്കോയ
11. ,, മത്തായി ചാക്കോ
12. ,, എ. സി. മൊയ്തീൻ
13. ,, സി. കെ. നാണു
14. ,, എം. പ്രകാശൻ മാസ്റ്റർ
15. ,, കെ. രാധാകൃഷ്ണൻ
16. ,, എൻ. രാജൻ
17. ,, കെ. പി. രാജേന്ദ്രൻ
18. ,, സാജു പോൾ
19. ,, എ. സി. ഷൺമുഖദാസ്
20. ,, പി. എസ്. സുപാൽ
21. ഡോ. തോമസ് ഐസക്

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

അനുകൂലിക്കുന്നവർ.....41

പ്രതികൂലിക്കുന്നവർ.....21

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെ പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും (*തുടർച്ച*)

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2004-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

ശ്രീ. ബി. വിജയകുമാർ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി ചാക്കോ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2004-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

എത്ര സമയമുണ്ടെന്ന് പറഞ്ഞില്ല. ഇവിടെ ശ്രീ. എം. എം. ഹസ്സൻ ഏതാണ്ടൊക്കെ വിളിച്ചുപറഞ്ഞു. അതിനെക്കുറിച്ച് കുറച്ച് കാര്യങ്ങൾ പറയാനുണ്ട് .....(ബഹളം).....

ശ്രീ. എം. എം. ഹസ്സൻ: ഇവിടെ അപ്രോപ്രിയേഷൻ ബില്ലിന്റെ ചർച്ചയിൽ ഞാൻ പങ്കെടുത്ത് സംസാരിച്ചു. ഒരു തെരഞ്ഞെടുക്കപ്പെട്ട മെമ്പർ എന്നുള്ള നിലയിൽ ഉത്തരവാദിത്തത്തോടുകൂടിയാണ് സംസാരിച്ചത്. ഞാൻ എന്തൊക്കെയോ വിളിച്ചുപറഞ്ഞു എന്ന് മറ്റൊരു മെമ്പർ പറയുന്നത് ഓർഡറിലാണോ? ..... (ബഹളം).....

സി.ആന്റ്.എ.ജി. റിപ്പോർട്ടിനെ ആധാരമാക്കി വസ്തുതകളുടെ അടിസ്ഥാനത്തിലാണ് ഈ സഭയിൽ സംസാരിച്ചത്. എന്റെ ആ പരാമർശങ്ങളെ അവഹേളിക്കുന്ന രൂപത്തിൽ ഒരു മെമ്പർ പറയുന്നത് ഓർഡറിലാണോ?

ശ്രീ. മത്തായി ചാക്കോ: പറഞ്ഞത് ഡിസ്ഓർഡറിലായിരുന്നു. കേരള മുനിസിപ്പാലിറ്റി .....

മി. സ്പീക്കർ: മറ്റൊരു മെമ്പർ പറഞ്ഞതിനെ ആരും മോശമായി ചിത്രീകരിക്കുന്നത് ശരിയല്ല. പരസ്പര ബഹുമാനം വേണം .....

.....(ബഹളം).....

ശ്രീ. മത്തായി ചാക്കോ: ഈ ബില്ലിലെ രണ്ടാം വകുപ്പിൽ വരുത്തിയിട്ടുള്ള 8(എ) ഭേദഗതിയിൽ മന്ത്രി പറഞ്ഞിരിക്കുന്നത്, "ചെയർപേഴ്സണോ ഡെപ്യൂട്ടി ചെയർപേഴ്സണോ ആയി തെരഞ്ഞെടുക്കപ്പെട്ട ആൾ താൻ തെരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കുന്ന തീയതി മുതൽ 15 ദിവസത്തിനകം മതിയായ കാരണങ്ങളില്ലാതെ സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്ത് സ്ഥാനം ഏറ്റെടുക്കാത്ത പക്ഷം....."

എന്നുപറഞ്ഞ് അങ്ങനെ പോവുകയാണ്. എന്റെ വാദം, ചെയർപേഴ്സൺ എന്നു പറയുന്നത് നമ്മൾ ഇവിടെ പ്രയോഗരീതിയിൽ സ്ത്രീകളെ ഉദ്ദേശിച്ചാണ്. പുരുഷൻമാരാണെങ്കിൽ മുനിസിപ്പൽ ചെയർമാൻ എന്നാണ് പറയുക. ഇംഗ്ലീഷ് ഭാഷയുടെ ഡിക്ഷണറി നോക്കിയാൽ തെറ്റുണ്ടാകില്ല. ഒരുതരം അമേരിക്കൻ പ്രയോഗ രീതിയാണ്. പക്ഷേ കേരളത്തിൽ, നമ്മൾ സാവിത്രി ടീച്ചറെ ആരെങ്കിലും സാവിത്രി സാർ എന്ന് വിളിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: പറവൂർ ഭാഗത്തൊക്കെ അങ്ങനെ പറയാറുണ്ട്.

ശ്രീ. മത്തായി ചാക്കോ: അത് വല്ല പ്രത്യേകതയുള്ള സ്ത്രീകളുമായിരിക്കും. സാവിത്രി ടീച്ചറെപ്പോലെ പ്രത്യേകതയുള്ള സ്ത്രീകളെ അങ്ങനെ വിളിക്കുമായിരിക്കും. മലബാറിലൊന്നും അങ്ങനെയില്ല. എന്റെ പോയിന്റ്, സാധാരണഗതിയിൽ മുനിസിപ്പൽ ചെയർമാൻ എന്നാണ് പറയുക. അവിടെ സ്ത്രീയാണ് വരുന്നതെങ്കിൽ ചെയർപേഴ്സൺ എന്നാണ് പറയുക. അതുകൊണ്ട് ഈ ബില്ലിൽ ചെയർമാൻ എന്ന വാക്കും കൂടി ചേർക്കണം.

ശ്രീ. കെ. ബാബു: ബഹുമാനപ്പെട്ട മത്തായി ചാക്കോ, സ്ത്രീ ചെയർമാനാണെങ്കിൽ ചെയർപേഴ്സൺ എന്നുപറയും. അപ്പോൾ ശ്രീമതി ഗൗരിയമ്മയെ നിങ്ങൾ എന്താണ് പറയുക? ..... (ബഹളം) .....

ശ്രീ. മത്തായി ചാക്കോ: എന്താണ് പറയേണ്ടത്? ബാബു എന്താണ് ഉദ്ദേശിച്ചത്? ഗൗരിയമ്മ എന്താ പുരുഷനാണോ? എന്താണ് നിങ്ങൾ ഉദ്ദേശിച്ചത്? നിങ്ങളുടെ കൂടെ കൂടി ഗൗരിയമ്മ ആൾ മാറിയോ? ഞങ്ങളുടെ കൂടെയുണ്ടായിരുന്നപ്പോൾ ഗൗരിയമ്മ സ്ത്രീയായിരുന്നു. ഇപ്പോഴും അങ്ങനെതന്നെയാണെന്നാണ് ഞാൻ വിചാരിക്കുന്നത്.....(ബഹളം)..... വളരെ പ്രസക്തമായ ഒരു കാര്യമാണ് ഞാൻ പറയുന്നത്. യഥാർത്ഥത്തിൽ കേരളത്തിലുള്ള പ്രയോഗരീതി ഭാഷാപരമായിട്ട് പറഞ്ഞില്ലെങ്കിലും മുനിസിപ്പൽ ചെയർമാനായിട്ട് പുരുഷനുള്ളപ്പോൾ ചെയർമാൻ, സ്ത്രീയാണെങ്കിൽ ചെയർപേഴ്സൺ എന്നാണ് പറയുന്നത്. എല്ലാ സ്ഥലത്തും അങ്ങനെയാണ്. കോളേജ് യൂണിയനിലും അങ്ങനെയാണ് വരുന്നത്. പെൺകുട്ടിയാണ് വരുന്നതെങ്കിൽ ചെയർപേഴ്സൺ എന്നാണ് പറയുന്നത്. അതുകൊണ്ട് ഈ ബില്ലിൽ ചെയർപേഴ്സണോ ഡെപ്യൂട്ടി ചെയർപേഴ്സണോ എന്നുപറയുന്ന സ്ഥലത്ത് ചെയർമാനോ, ചെയർപേഴ്സണോ എന്ന് ബാർ ഇട്ടിട്ടാണെങ്കിലും കൊണ്ടുവരണമെന്നുള്ളതാണ് എന്റെ അഭിപ്രായം. പിന്നെ മറ്റൊരുകാര്യം ഇവിടെ പറയാനുള്ളത്, പ്രശസ്ത സാഹിത്യകാരനായിരുന്ന സഞ്ജയൻ തലശ്ശേരി മുനിസിപ്പാലിറ്റിയുടെ നാറ്റത്തെക്കുറിച്ച് മുൻപ് പറഞ്ഞിരുന്നു. അതിലും വലിയ നാറ്റമാണ് ഇവിടെ യു.ഡി.എഫ്.-ന്റെ ഭരണത്തിന്റെ ഭാഗമായിട്ട് ശ്രീ. ഹസ്സൻ പറഞ്ഞ കാര്യത്തിലുൾപ്പെടെയുള്ളത് ..... (ബഹളം) ..... ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന സമയത്ത് ഉണ്ടായിരുന്ന കോൺഗ്രസിന്റെ മന്ത്രിമാർ മുഴുവൻ മാറി. ഇവിടെ നമ്മൾ പരിശോധിച്ച് നോക്കിയാൽ മാറിയ മന്ത്രിമാരിൽ ഒരാൾ പോലും ഈ ഗവൺമെന്റിനെ പിന്തുണയ്ക്കാൻവേണ്ടി ഒരു ചർച്ചയിലും പങ്കാളിയായില്ല. ഒരാൾ മാത്രം ..... (ബഹളം) .....

ഇവിടെ അവിശ്വാസപ്രമേയ ചർച്ചയിലും .....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: പ്രസംഗത്തിന്റെ കഴിവിനെപ്പറ്റി ചോദിക്കുന്നില്ല, അങ്ങേയ്ക്ക് മണിക്കൂറുകൾ സംസാരിക്കാം.

ശ്രീ. മത്തായി ചാക്കോ: എനിക്ക് അത്രയും സമയം വേണ്ട. ഇവിടെ ഒരാൾ മാത്രമാണ് ഈ ഗവൺമെന്റിനെ പിന്തുണയ്ക്കാൻവേണ്ടി പുറത്തുപോയ മന്ത്രിമാരിൽ സംസാരിച്ചത് ശ്രീ. എം. എം. ഹസ്സനാണ് അത്. കാരണമെന്താണെന്ന് ഞാൻ ആലോചിച്ചു. ശ്രീ. എം. എം. ഹസ്സൻ മാത്രമാണ് ഒഴിവായിപ്പോയ മന്ത്രിമാരിൽ ഗവൺമെന്റിനെ പിന്തുണയ്ക്കാൻവേണ്ടി സംസാരിച്ചത്. അതിനൊരു കാരണമുണ്ട്. കേരളത്തിന്റെ ചരിത്രത്തിൽ ഒരിക്കലും മുൻമന്ത്രിയായിരുന്ന ഒരാളെ ഏതെങ്കിലും ഒരു പോസ്റ്റ് കൊടുത്ത് അക്കോമഡേറ്റ് ചെയ്യപ്പെട്ടിട്ടുള്ള അനുഭവം ഉണ്ടായിട്ടുണ്ടോ? എന്നാൽ ബഹുമാന്യനായ എം. എം. ഹസ്സൻ നോർക്കയുടെ ചെയർമാൻ എന്ന നിലയ്ക്ക് എല്ലാ സൗകര്യങ്ങളും ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നു. മുൻപ് മന്ത്രിയായിരുന്നപ്പോഴും വലിയ പണിയൊന്നുമുണ്ടായിരുന്നില്ല. ഇപ്പോഴും അതേ സൗകര്യങ്ങൾ തരണമെന്ന് വിലപിച്ച്, തന്നില്ലെങ്കിൽ കോൺഗ്രസ് പാർട്ടിയിൽ കലാപമുണ്ടാക്കുമെന്ന് പറഞ്ഞ് നോർക്ക ചെയർമാൻ സ്ഥാനം നിലനിർത്തി അതിന്റെ നന്ദി പ്രകടിപ്പിക്കാൻ വേണ്ടിയുള്ള വാചകങ്ങൾ മാത്രമാണ് അവിശ്വാസപ്രമേയ ചർച്ചയിലും ഇപ്പോഴും അദ്ദേഹം ഉന്നയിച്ചുകൊണ്ടിരിക്കുന്നത്. ഈ നോർക്ക വലിയ കുഴപ്പമാണ് ..... (ബഹളം).....

മി. സ്പീക്കർ: ഇവിടെ നോർക്ക ബില്ലല്ലല്ലോ? ഇവിടെ ബിൽ വേറെയല്ലേ?

ശ്രീ. മത്തായി ചാക്കോ: നോർക്ക എന്നുപറഞ്ഞ് അമേരിക്കയിൽ നിന്നും 90 കോടി രൂപ പിരിച്ചു. അതാണ് ഞാൻ പറഞ്ഞത്, തലശ്ശേരി മുനിസിപ്പാലിറ്റിയിൽ സഞ്ജയൻ പറഞ്ഞ നാറ്റത്തേക്കാൾ വലിയ നാറ്റം യു.ഡി.എഫ്.-ലും നോർക്കയിലും ഉണ്ടായിക്കൊണ്ടിരിക്കുകയാണ് എന്ന്. പതിറ്റാണ്ടുകൾക്ക് മുൻപുള്ള കാര്യമാണ്. ഇപ്പോഴത്തെ കാര്യമല്ല. മുനിസിപ്പാലിറ്റി ബില്ലുമായി ബന്ധപ്പെട്ട ഒന്നുരണ്ട് കാര്യംകൂടി പറയട്ടെ. ഇവിടെ പഞ്ചായത്ത്-മുനിസിപ്പൽ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കാര്യങ്ങൾ നേരത്തേ പറഞ്ഞു. ഞങ്ങൾക്ക് ബഹുമാന്യനായ കുട്ടി അഹമ്മദ് കുട്ടിയോട് പ്രത്യേകമായ വിരോധമൊന്നുമില്ല. നല്ല മനുഷ്യനാണ്. പക്ഷേ അങ്ങ് ലീഗായിപ്പോയല്ലോ? ലീഗായതുകൊണ്ട് ഏതെങ്കിലും തരത്തിൽ വിശ്വസിക്കാൻ പറ്റുമോ? ഈ സഭയിൽ തന്നെ കഴിഞ്ഞ ഏതാനും ദിവസമായി ചർച്ച നടന്നു. സുനാമി ഫണ്ടിന്റെ ചർച്ച വന്നതിൽ വകമാറ്റി ചെലവഴിച്ചതിനെ കുറിച്ച് ലോകായുക്തയും ഹൈക്കോടതിയും പറഞ്ഞു. പക്ഷേ ഇവിടെ സുനാമി ഫണ്ട് ശേഖരിക്കാൻ വേണ്ടി 2005 ജനുവരി 6-നാണ് ചന്ദ്രികയിൽ പാണക്കാട് തങ്ങളുടെ പ്രസ്താവന വന്നത്. ജനുവരി 6-ാം തീയതിയിലെ ചന്ദ്രികയിൽ മനുഷ്യത്വത്തിന്റെ മഹാമാതൃക.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: നിങ്ങൾ എന്തിന് പ്രകോപനമുണ്ടാക്കുന്നു? ഇവിടെ പറയുന്ന വിഷയം വേറെയല്ലേ?

ശ്രീ. മത്തായി ചാക്കോ: പറയണമല്ലോ? ആളുകൾ കാര്യം മനസ്സിലാക്കണ്ടേ? മനുഷ്യത്വത്തിന്റെ മഹാമാതൃക കാണിക്കുക എന്നുപറഞ്ഞ് പാണക്കാട് തങ്ങളുടെ ആഹ്വാനവുമായിട്ട് ജനുവരി 6-ന് ചന്ദ്രികയിൽ റിപ്പോർട്ട് വന്നു. പാണക്കാട് തങ്ങളുടെ പടം വച്ചുകൊണ്ടാണ് വന്നിട്ടുള്ളത്. ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗ് ശേഖരിക്കുന്ന ഫണ്ടിലേക്ക് സംഭാവന ചെയ്യുക എന്നാണ് ആ ആഹ്വാനത്തിന്റെ ചുവട്ടിൽ പറയുന്നത്. അതിനെത്തുടർന്ന് ലീഗിന്റെ സെക്രട്ടറി ബഹുമാന്യനായ കുഞ്ഞാലിക്കുട്ടിയുടെ സ്റ്റേറ്റുമെന്റ് വന്നു. ശിഹാബ് തങ്ങളുടെ കോഴിക്കോടുള്ള എസ്.ബി.റ്റി. അക്കൗണ്ട് നമ്പർ 100907.....

മി. സ്പീക്കർ: അങ്ങ് ബില്ലിനെപ്പറ്റി ചർച്ച ചെയ്യു.

ശ്രീ. മത്തായി ചാക്കോ: ബില്ലിലേക്കാണ് വരുന്നത്. മുനിസിപ്പാലിറ്റി ബിൽ കൊണ്ടുവരുന്ന മന്ത്രിയുടെ പാർട്ടിയെപ്പറ്റി എനിക്ക് പറയാതിരിക്കാൻ പറ്റുമോ? നായനാരുടെ കാലത്ത് പ്രസിദ്ധീകരിച്ച പുസ്തകത്തെക്കുറിച്ച് പറഞ്ഞല്ലോ? അത് എ. കെ. ജി. സെന്ററിൽ കൊണ്ടുപോയി എന്നുപറഞ്ഞല്ലോ? തൂക്കിവിറ്റു എന്നുപറഞ്ഞല്ലോ? ..... (ബഹളം) .....

മി. സ്പീക്കർ: ഇതൊക്കെ മറ്റ് ചർച്ചകളിൽ പറയണമായിരുന്നു. ബില്ലിന്റെ ചർച്ചയിൽ ഇതൊന്നും വേണ്ട. ബില്ലിനെപ്പറ്റി ചർച്ച ചെയ്യു.

ശ്രീ. മത്തായി ചാക്കോ: നായനാരെക്കുറിച്ചും ലാവ്‌ലിനെക്കുറിച്ചും ഹസ്സൻ പറഞ്ഞത് രേഖയിൽ നിന്ന് മാറ്റിയാൽ ഞാനും പറയുന്നില്ല.

മി. സ്പീക്കർ: എന്നാൽ ആദ്യം നീക്കം ചെയ്യേണ്ടത് നിങ്ങളെയാണ്..... ..... (ബഹളം) .....ധനവിനിയോഗ ബില്ലും പി.ആർ.ഡി. യുമായിട്ട് എന്താണ് ബന്ധം?

ശ്രീ. മത്തായി ചാക്കോ: 2005 ജനുവരി 9-ാം തീയതി തങ്ങളുടെ അക്കൗണ്ടിൽ കൊടുക്കണമെന്ന് പറഞ്ഞ് സ്റ്റേറ്റുമെന്റ് വന്നു. ആദ്യം ചന്ദ്രികയിലാണ് ചിത്രം വന്നത്. അരലക്ഷം രൂപയുടെ ചെക്ക് ഹൈപവർ ഗ്രൂപ്പിന്റെ ചെയർമാൻ ഹിമാമുദ്ദീൻ ശിഹാബ് തങ്ങൾക്ക് കൊടുക്കുന്ന ഒരു ചിത്രവും വന്നു. അതിൽ കുഞ്ഞാലിക്കുട്ടിയുണ്ട്, ഇബ്രാഹിം കുഞ്ഞുണ്ട്, എല്ലാവരുമുണ്ട്.

മി. സ്പീക്കർ: There is a limit. എന്തും പറയുന്നത് ശരിയല്ല. ബില്ലിനെപ്പറ്റി ചർച്ച ചെയ്യു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി ചാക്കോ: ബില്ലിന്റെ കാര്യമാണ് പറയുന്നത്.

മി. സ്പീക്കർ: എന്താണ് ഇതിന് അർത്ഥം? കേൾക്കുന്നവരെപ്പറ്റി നിങ്ങൾക്ക് ബോധമുണ്ടാകണം.

ശ്രീ. മത്തായി ചാക്കോ: നായനാരെപ്പറ്റിയുള്ള പരാമർശം മാറ്റിയാൽ ഞാനൊന്നും പറയുന്നില്ല.

മി. സ്പീക്കർ. മത്തായി ചാക്കോയുടെ മതിപ്പ് കുറയുന്ന സംസാരമാണ്.

ശ്രീ. മത്തായി ചാക്കോ: മതിപ്പിന്റെ പ്രശ്നമല്ല.

മി. സ്പീക്കർ: നിങ്ങൾക്ക് പ്രശ്നമല്ലായിരിക്കും. പക്ഷേ ഞങ്ങൾക്ക് മതിപ്പ് വേണം. ധനവിനിയോഗ ബില്ലും നായനാരുമായിട്ട് എന്താണ് ബന്ധം? ദിവസവും വഴക്കാണ്. ..... (ബഹളം).....

ശ്രീ. മത്തായി ചാക്കോ: അങ്ങയോടുള്ള ബഹുമാനം കാരണം ഞാൻ പറഞ്ഞ് അവസാനിപ്പിക്കാം.

ശ്രീ. വി. ഡി. സതീശൻ : സർ, പോയിന്റ് ഓഫ് ഓർഡർ. റൂൾ 92 is very clear. റൂൾ 92-ൽ ഒരു ബില്ലിന്റെ ചർച്ചയിൽ, അതിന്റെ ഡിബേറ്റ് ഏതുവരെ പോകാമെന്നു കൃത്യമായിട്ട് പറയുന്നുണ്ട്. ഇവിടെ അപ്രോപ്രിയേഷൻ ബില്ലുമായി ബന്ധപ്പെട്ട ചർച്ചയിൽ ഒരു ഗവൺമെന്റിന്റെ അഡ്മിനിസ്ട്രേറ്റീവ് ആക്ഷൻ താരതമ്യപ്പെടുത്തിക്കൊണ്ട് സംസാരിച്ചു. ഈ ബില്ലിന്റെ ചർച്ചയിൽ മറ്റ് വിഷയങ്ങളിലേക്ക് ഒരു കാരണവശാലും പോകാൻ പാടില്ല. "The discussion on a motion that the Bill be passed shall be confined to arguments either in support of the Bill or for the rejection of the Bill" എന്നു വളരെ വ്യക്തമായിട്ട് പറയുന്നുണ്ട്. അതുകൊണ്ട് ഇപ്പോൾ ശ്രീ. മത്തായി ചാക്കോ നടത്തുന്ന ഈ പ്രസംഗം ഓർഡറിലല്ല. ആ പറയുന്ന എല്ലാ പരാമർശങ്ങളും രേഖയിൽ നിന്നു മാറ്റണം.

മി. സ്പീക്കർ: ഒരുകാര്യം പറയട്ടെ; ഞാൻ രണ്ടു മൂന്നു പ്രാവശ്യമായി പറയുന്നു. അങ്ങ് ഇത് അറിയുന്നയാളാണ്. അങ്ങേയ്ക്ക് വേണമെങ്കിൽ ധനാഭ്യർത്ഥന ചർച്ചയിൽ പൊതു ഡിസ്ക്കഷനിൽ പൊളിറ്റിക്കലായിട്ട് പല കാര്യങ്ങളും പറയാം. പക്ഷേ ബില്ലിന്റെ ക്ലാസ് ബൈ ക്ലാസ് ചർച്ചയിൽ പ്രകോപനപരമായ ഓരോ കാര്യങ്ങൾ പറഞ്ഞ് പൊളിറ്റിക്കൽ ഡിസ്ക്കഷനായിട്ട് അത് മാറ്റുന്നത് ശരിയല്ല.

ശ്രീ. മത്തായി ചാക്കോ: സർ, അങ്ങ് പറഞ്ഞത് ബഹുമാനിച്ചുകൊണ്ട് അവസാനിപ്പിക്കുകയാണ്. നാദാപുരം ഫണ്ട് പിരിച്ചപ്പോഴും ഗുജറാത്ത് ഫണ്ട് പിരിച്ചപ്പോഴുമുള്ള അനുഭവങ്ങൾ സുനാമി ഫണ്ട് പിരിച്ചപ്പോഴും ലീഗിന്റെ കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായി എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഞാൻ വീണ്ടും മന്ത്രിയോട് പറയട്ടെ ബില്ലിന്റെ മൂന്നാം സെക്ഷനിൽ 270-ാം വകുപ്പിനുള്ള ഭേദഗതിയിൽ "സ്ഥാവര വസ്തുവിന്റെ കീഴ്പാട്ടം അല്ലാതെയുള്ള മറ്റ് പാട്ട ചാർത്തിന്റെ കൈമാറ്റത്തിന്റെ" തുക പറയുന്നുണ്ട്. ഇതിൽ "കൈമാറ്റത്തിനുള്ള പ്രതിഫല സംഖ്യയ്ക്ക് തുല്യമായ ഒരു പ്രതിഫലത്തിനായുള്ള തീറാധാരത്തിനുള്ള മുദ്രവില" സംബന്ധിച്ച് പലിശ കുറയ്ക്കുകയാണ്. യഥാർത്ഥത്തിൽ മുനിസിപ്പാലിറ്റിയിൽ സമ്പന്ന വിഭാഗത്തിന്റെ പലിശ കുറയ്ക്കേണ്ട കാര്യമില്ല. അതുകൊണ്ട് ബഹുമാന്യനായ മന്ത്രി കൊണ്ടുവന്നിട്ടുള്ള ഈ ഭേദഗതിയിൽ ഞാൻ ആദ്യം സൂചിപ്പിച്ചിട്ടുള്ള ചെയർപേഴ്സൺ, ഡെപ്യൂട്ടി ചെയർപേഴ്സൺ എന്നുള്ളതിന്റെ കൂടെ ചെയർമാൻ എന്നുപറയുന്ന കേരളത്തിന്റെ പ്രായോഗിക രീതിയനുസരിച്ചുകൊണ്ട് അതുകൂടി ചേർത്താൽ മാത്രമേ ഈ ബില്ല് സമ്പൂർണ്ണമാകുയെന്നുള്ള ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)*: സർ, ഇതിൽ ചെയർപേഴ്സൺ എന്നുള്ളത് രണ്ടു പേർക്കും ബാധകമായ കാര്യമാണ്. നമ്മൾ സ്വീകരിച്ചുവരുന്ന മാർഗ്ഗങ്ങൾ തെറ്റാണെങ്കിൽ അതുതന്നെ സ്വീകരിക്കേണ്ടതില്ല. പിന്നെ ഇവിടെ പലിശയുടെ കാര്യം പറഞ്ഞു. ആദ്യമായാണ് വിട്ടുപോയ ഒരുകാര്യം നമ്മൾ കണ്ടെത്തിയത്. മുനിസിപ്പാലിറ്റിക്ക് ഒരു വരുമാനം ഉണ്ടാക്കാൻവേണ്ടിയുള്ള ശ്രമമാണ്. അതുകൊണ്ട് മറ്റൊന്നും കൂട്ടിച്ചേർക്കേണ്ടതില്ല. പിന്നെ എന്നെ വിശ്വസിക്കാം. ലീഗായതുകൊണ്ട് വിശ്വസിക്കാൻ പറ്റില്ലായെന്നു ശ്രീ. മത്തായി ചാക്കോ പറഞ്ഞു. മുസ്ലീം ലീഗായതുകൊണ്ട് കൂടുതൽ വിശ്വസിക്കാമെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീ. വിജയകുമാർ, അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ബി. വിജയകുമാർ: പ്രസ്സ് ചെയ്യുന്നില്ല. പിൻവലിക്കുന്നു.

മി. സ്പീക്കർ: (ശ്രീ. മത്തായി ചാക്കോ അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. മത്തായി ചാക്കോ: പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നം സംബന്ധിച്ച്.....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതി സഭ നിരാകരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2004-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നം സംബന്ധിച്ച്.....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു;

ബിൽ പരിഗണനയ്ക്ക് എടുക്കുന്നു.

2-ാം വകുപ്പ്

പ്രൊഫ: സാവിത്രി ലക്ഷ്മണൻ : സർ, ഞാൻ എന്റെ 72-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(72) ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിലെ 12-ാം വകുപ്പിന്റെ 8-ാം ഉപവകുപ്പിനുശേഷം കൂട്ടിച്ചേർക്കുവാനുദ്ദേശിക്കുന്ന ഉപവകുപ്പ് 8എ യിൽ "തെരഞ്ഞെടുക്കപ്പെട്ടയാൾ താൻ തെരഞ്ഞെടുക്കപ്പെട്ടതായി" എന്നതിനുപകരം "തെരഞ്ഞെടുക്കപ്പെട്ടയാളെ അപ്രകാരം തെരഞ്ഞെടുക്കപ്പെട്ടതായി" എന്നു ചേർക്കുക.

ശ്രീ. എ. എ. അസീസ്: സർ, ഞാൻ എന്റെ 74-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(74) ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിലെ 12-ാം വകുപ്പിന്റെ 8-ാം ഉപവകുപ്പിനുശേഷം കൂട്ടിച്ചേർക്കുവാനുദ്ദേശിക്കുന്ന ഉപവകുപ്പ് 8എ യിൽ "പതിനഞ്ചു ദിവസത്തിനകം" എന്നീ വാക്കുകൾക്കുപകരം "അഞ്ചുദിവസത്തിനകം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. എം. വി. ജയരാജൻ : സർ, ഞാൻ എന്റെ 75-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(75) ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിലെ 12-ാം വകുപ്പിന്റെ 8-ാം ഉപവകുപ്പിനുശേഷം കൂട്ടിച്ചേർക്കുവാനുദ്ദേശിക്കുന്ന ഉപവകുപ്പ് 8എ യിൽ "പതിനഞ്ച്" എന്ന വാക്കിനുപകരം "ഏഴ്" എന്ന വാക്ക് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഞാൻ എന്റെ 79-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(79) ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിലെ 12-ാം വകുപ്പിന്റെ 8-ാം ഉപ വകുപ്പിനുശേഷം കൂട്ടിച്ചേർക്കുവാനുദ്ദേശിക്കുന്ന ഉപവകുപ്പ് 8എ യിൽ "പതിനഞ്ചു ദിവസത്തിനകം" എന്നീ വാക്കുകൾക്കുപകരം "രണ്ടാഴ്ചയ്ക്കകം" എന്ന വാക്കു ചേർക്കുക.

ശ്രീ. വി. കെ. സി. മമ്മത്കോയ : സർ, ഞാൻ എന്റെ 80, 95 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(80) ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിലെ 12-ാം വകുപ്പിന്റെ 8-ാം ഉപ വകുപ്പിനുശേഷം കൂട്ടിച്ചേർക്കുന്ന ഉപവകുപ്പ് 8എ യിൽ "പതിനഞ്ചു ദിവസ ത്തിനകം" എന്നത് "ഇരുപത് ദിവസത്തിനകം" എന്നാക്കി ഭേദഗതി ചെയ്യുക.

(95) ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിലെ 12-ാം വകുപ്പിന്റെ 8-ാം ഉപവകുപ്പിനുശേഷം കൂട്ടിച്ചേർക്കുവാനുദ്ദേശിക്കുന്ന ഉപവകുപ്പ് 8 എ യിൽ ഏറ്റെടുക്കാത്തപക്ഷം എന്ന വാക്കിനുശേഷം "അയാൾക്ക് നോട്ടീസ് നൽകി പത്ത് ദിവസത്തിനകം" എന്നുകൂടി ചേർക്കണം.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ, ഞാൻ എന്റെ 88-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(88) ഖണ്ഡം 2 പ്രകാരം കൂട്ടിച്ചേർക്കുവാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 12 (8എ) യിൽ "പതിനഞ്ച് ദിവസത്തിനകം" എന്നത് "മൂന്നാഴ്ച യ്ക്കകം" എന്നു ഭേദഗതി ചെയ്യുക.

ശ്രീ. ബിനോയ് വിശ്വം : സർ, ഞാൻ എന്റെ 90-ാം നമ്പർ ഭേദഗതി അവത രിപ്പിക്കുന്നു.

(90) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യുവാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ ഖണ്ഡം 12(8എ) യിൽ

(1) "പതിനഞ്ച്" എന്നതിനുപകരം "പത്ത്" എന്നാക്കി മാറ്റുക.

(2) മൂന്നാം വരിയിൽ "ദിവസത്തിനകം" എന്നതിനുശേഷം "രേഖാമൂലം അറി യിക്കപ്പെട്ട" എന്നുകൂടി കൂട്ടിച്ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഞാൻ എന്റെ 91-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

GPM. 2/608/2012—36

LIBRARY ARCHIVES Kerala Legislative Assembly

(91) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യുവാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 12(8എ) യിൽ "മതിയായ കാരണങ്ങളിലല്ലാതെ" എന്ന വാക്കുകൾക്കു പകരം "സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷന്റെ അനുവാദം ഇല്ലാതെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, ഞാൻ എന്റെ 92, 93 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(92) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യുവാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 12(8എ)യിൽ "മതിയായ കാരണങ്ങളാലല്ലാതെ" എന്നീ വാക്കുകൾക്കുപകരം "മതിയായ കാരണങ്ങളിലല്ലാതെ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(93) ഖണ്ഡം 2 പ്രകാരം കൂട്ടിച്ചേർക്കുവാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 12(8എ)യിൽ "മതിയായ കാരണങ്ങളിലല്ലാതെ" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞാൻ എന്റെ 96, 101 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(96) ഖണ്ഡം 2 പ്രകാരം ഭേദഗതി കൂട്ടിച്ചേർക്കുവാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 12(8എ) യിൽ ക്ലിപ്ത നിബന്ധനയായി താഴെ പറയുന്നത് ചേർക്കുക:

"എന്നാൽ മതിയായ കാരണങ്ങൾ ചെയർപേഴ്സണായോ, ഡെപ്യൂട്ടി ചെയർ പേഴ്സണായോ തെരഞ്ഞെടുക്കപ്പെട്ടയാൾ തെരെഞ്ഞെടുപ്പു കമ്മീഷനെ ബോദ്ധ്യ പ്പെടുത്തുന്നപക്ഷം കമ്മീഷന് ഒരവസരംക്കൂടി നല്കാൻ അധികാരമുണ്ടായിരിക്കു ന്നതാണ്."

(101) ഖണ്ഡം 2 പ്രകാരം കൂട്ടിച്ചേർക്കുവാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 12(8എ) ക്കുശേഷം 8(ബി) ആയി താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കുക:

"(8ബി) ചെയർപേഴ്സണായോ, ഡെപ്യൂട്ടി ചെയർപേഴ്സണായോ തെരഞ്ഞെ ടുക്കപ്പെട്ട ആൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്ന പ്രതിനിധിയാ ണെങ്കിൽ ബന്ധപ്പെട്ട മുനിസിപ്പാലിറ്റികളുടെ ഭരണസ്തംഭനം ഉണ്ടാകാതിരിക്കുന്നതിന് ആവശ്യമായ സംവിധാനം തെരഞ്ഞെടുപ്പു കമ്മീഷൻ സ്വീകരിക്കേണ്ടതാണ്."

ശ്രീ. എം. എ. വാഹീദ് : . സർ, ഞാൻ എന്റെ 99 - ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(99) ഖണ്ഡം 2 പ്രകാരം കൂട്ടിച്ചേർക്കുവാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 12 (8എ) താഴെപ്പറയും പ്രകാരം മാറ്റുക.

8(എ) ചെയർപേഴ്സണായോ ഡെപ്യൂട്ടി ചെയർപേഴ്സണായോ തെരഞ്ഞെടുക്കപ്പെട്ട ആൾ, ടിയാൾ തെരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കപ്പെട്ട തീയതി മുതൽ പത്ത് ദിവസത്തിനകം, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് ബോദ്ധ്യപ്പെടത്തക്ക വിധത്തിലുള്ള കാരണങ്ങളിലല്ലാതെ സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്ത് സ്ഥാനം ഏറ്റെടുക്കാത്തപക്ഷം ടിയാൾ തന്റെ ചെയർപേഴ്സൺ അഥവാ ഡെപ്യൂട്ടി ചെയർപേഴ്സൺ സ്ഥാനം സ്വമേധയാ ഒഴിഞ്ഞതായി തെരഞ്ഞെടുപ്പ് കമ്മീഷന് പ്രഖ്യാപിക്കാവുന്നതാണ്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (*ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി*) : സർ, പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച "തെരഞ്ഞെടുക്കപ്പെട്ടയാൾ താൻ തെരഞ്ഞെടുക്കപ്പെട്ടതായി" എന്നതിനുപകരം "തെരഞ്ഞെടുക്കപ്പെട്ടയാളെ അപ്രകാരം തെരഞ്ഞെടുക്കപ്പെട്ടതായി" എന്ന് ചേർക്കുക എന്ന 72-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 72-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എ. എ. അസീസ് അവതരിപ്പിച്ച 74-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 75-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 79-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. കെ. സി. മമ്മത്കോയ അവതരിപ്പിച്ച 80, 95 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ അവതരിപ്പിച്ച 88-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ബിനോയ് വിശ്വം അവതരിപ്പിച്ച 90-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 91-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 92, 93 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 96, 101 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 99-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

ശ്രീ. കെ. പി. മോഹനൻ : സർ, ഞാൻ എന്റെ 102-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(102) ഖണ്ഡം 3 പ്രകാരം ഭേദഗതി ചെയ്യുവാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 270 (1) ന്റെ പട്ടികയിലെ (IV A) യിൽ "കൈമാറ്റത്തിനുള്ള പ്രതിഫല സംഖ്യയ്ക്ക് തുല്യമായ" എന്നതിനുപകരം "കൈമാറ്റത്തിനുള്ള പ്രതിഫല സംഖ്യയുടെ എഴുപത്തിയഞ്ച് ശതമാനം" എന്നുചേർക്കുക.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, ഞാൻ എന്റെ 103-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(103) ഖണ്ഡം 3 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 270 (1) ന്റെ പട്ടികയിലെ (IV A) ഇനത്തിന്റെ രണ്ടാം കോളത്തിൽ "കൈമാറ്റത്തിനുള്ള പ്രതിഫല സംഖ്യയ്ക്ക് തുല്യമായ ഒരു പ്രതിഫലത്തിനായുള്ള തീറാധാരത്തിനുള്ള മുദ്രവിലതന്നെ (1959 ലെ കേരള മുദ്രപ്പത്ര ആക്ടിന്റെ പട്ടിക യിലെ, അതാത് സംഗതിപോലെ ക്രമനമ്പർ 21 അല്ലെങ്കിൽ 22)" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും ബ്രായ്ക്കറ്റിനും പകരം "കൈമാറ്റത്തിനുള്ള പ്രതിഫല സംഖ്യയ്ക്ക് തുല്യമായ പ്രതിഫലത്തിനായുള്ള (1959-ലെ കേരള മുദ്രപ്പത്ര ആക്ടിന്റെ പട്ടികയിലെ അതാത് സംഗതി പോലെ ക്രമനമ്പർ 21 അല്ലെങ്കിൽ 22) തീറാ ധാരത്തിനുള്ള മുദ്രവില തന്നെ" എന്ന വാക്കുകളും അക്കങ്ങളും ബ്രായ്ക്കറ്റും ചേർക്കേണ്ടതാണ്.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഞാൻ എന്റെ 104-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(104) ഖണ്ഡം 3 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 270 (1)-ന്റെ പട്ടികയിലെ (IV A) ഇനത്തിന്റെ രണ്ടാം കോളത്തിൽ (IV A) ഇനത്തിൽ "ഒരു പ്രതിഫലത്തിനായുള്ള" എന്ന വാക്കുകൾക്കുപകരം "പ്രതിഫല ത്തിനായുള്ള" എന്നവാക്ക് ചേർക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (*ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി*): സർ, ഭേദഗതികൾ സ്വീകരിക്കാവുന്നവയല്ല.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 102-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 103-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 104-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (*ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി*) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി (*ശ്രീ. ഡൊമിനിക് പ്രസന്റേഷൻ*): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീക രിക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

LIBRARY ARCHIVES Kerala Legislative Assembly